## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.391 1/12/2015-ൽ മറുപടിക്ക്

# കെ.എസ്.ഇ.ബി.യുടെ അധീനതയിലുള്ള ഭൂമി കയ്യേറ്റങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.സുരേഷ് കുറുപ്പ് | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ മന്ത്രി) |
| (എ) കെ.എസ്.ഇ.ബി.യുടെ അധീനതയിലുള്ള അണക്കെട്ടുകളുടെ വൃഷ്ടിപ്രദേശങ്ങളിൽ എല്ലാം കൂടി എത്ര ഏക്കർ ഭൂമി നിലവിലുണ്ട്; വിശദമാക്കാമോ; | (എ) കെ.എസ്.ഇ.ബി.എൽ-ന്റെ വിവിധ അണക്കെട്ടുകളുടെ വൃഷ്ടി പ്രദേശത്ത് ഫുൾ റിസർവോയർ ലെവൽ/ പരമാവധി ജലനിരപ്പിനു മുകളിൽ (FRL/MWL), 10 chain (600ft)വീതിയുള്ള സ്ഥലം സുരക്ഷിത മേഖലയായി ഇന്ത്യൻ ഒഫീഷ്യൽ സീക്രട്ട് ആക്ട് 1923 പ്രകാരം പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഇവയിൽ വനഭൂമി അല്ലാതെയുള്ള സ്ഥലങ്ങൾ കെ.എസ്.ഇ. ബി.എൽ-ന്റെ കൈവശമാണ്. എന്നാൽ ഇവയുടെ വേർതിരിച്ചുള്ള അളവുകൾ ലഭ്യമല്ല. ആനയിറങ്കൽ ഡാമിന്റെ വൃഷ്ടി പ്രദേശത്ത് പരമാവധി ജലനിരപ്പിനുമുകളിൽ 169.3108 ഹെക്ടർ സ്ഥലം കെ.എസ്.ഇ.ബി.എൽ-ന്റെ അധീനതയിൽ ഉണ്ട്. |
| (ബി) കെ.എസ്.ഇ.ബി.യുടെ അധീനതയിലുള്ള എത്ര ഏക്കർ ഭൂമിയിൽ കയ്യേറ്റങ്ങൾ ഉണ്ടായിട്ടുണ്ട്; പ്രധാനമായും ഏതെല്ലാം സ്ഥലങ്ങളിലാണ് കയ്യേറ്റങ്ങൾ ഉണ്ടായിരിക്കുന്നത്; വിശദമാക്കാമോ; | (ബി) കയ്യേറ്റങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കയ്യേറ്റം സംബന്ധിച്ചുള്ള വിശദാംശങ്ങൾ തിട്ടപ്പെടുത്തി വരുന്നു. |
| (സി) ഭൂമി കയ്യേറിയവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; എത്ര ഏക്കർ ഭൂമി എവിടെയെല്ലാമായി തിരിച്ച് പിടിച്ചിട്ടുണ്ട്; കയ്യേറ്റങ്ങൾ | (സി) കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ നടപടി സ്വീകരിക്കാൻ കർശനമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ |

ഇപ്പോഴും തുടർന്നു വരുന്നതായി അറിയാമോ ?

മാർക്ക് നൽകിയിട്ടുണ്ട്. ഏറ്റവും കൂടുതൽ കയ്യേറ്റങ്ങൾ നടക്കുന്ന മൂന്നാർ പോലുള്ള സ്ഥലങ്ങളിൽ ഇത് ഫലപ്രദമായി നേരിടാൻ ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ഉദ്യോഗസ്ഥരെ നിയമിച്ചുകൊണ്ടുള്ള നടപടി സ്വീകരിച്ചു വരികയാണ്.

**സെക്ഷൻ ഓഫീസർ**